# GOVT.U.P.SCHOOL CHENNAMKARY

## അക്കാദമിക് മാസ്റ്റർ പ്ലാൻ

2025 – 2026



# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : ജി.യു.പി.എസ് ചേന്നങ്കരി |
| മേൽവിലാസം | : കൈനകരി ഈസ്റ്റ് പി.ഒ<br>ചേന്നങ്കരി, ആലപ്പുഴ<br>പിൻ : 688501 |
| ഫോൺ | : 9496966560 |
| സ്കൂൾ കോഡ് | : 46219 |
| വിദ്യാഭ്യാസ ഉപജില്ല | : മങ്കൊമ്പ് |
| റവന്യൂ ജില്ല | : ആലപ്പുഴ |
| വിദ്യാഭ്യാസ ജില്ല | : കുട്ടനാട്. |
| ബി. ആർ. സി | : മങ്കൊമ്പ് |
| സി. ആർ. സി | : തോട്ടുവാത്തല UPS. |
| ഗ്രാമപഞ്ചായത്ത് | : കൈനകരി |
| ബ്ലോക്ക് പഞ്ചായത്ത് | : ചമ്പക്കുളം |
| ജില്ലാപഞ്ചായത്ത് | : ആലപ്പുഴ |
| നിയമസഭാമണ്ഡലം | : കുട്ടനാട് |
| ലോക്സഭാമണ്ഡലം | : മാവേലിക്കര. |
| താലൂക്ക് | : കുട്ടനാട് |
| വില്ലേജ് | : കൈനകരി നോർത്ത്. |
| ഇ. മെയിൽ വിലാസം | : gupschennamkary00@gmail.com |
| ഫെയ്സ് ബുക്ക് | : GUPS Chennamkary |
| സ്കൂൾ വിക്കി | : |

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന്റെ ഭാഗമായി ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റേണ്ടതുണ്ട്.അതിന്റെ ഭാഗമായി ഓരോ കുട്ടിയുടെയും അറിവും കഴിവും കരിക്കുലം വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കുന്നതിനായി തയ്യാറാക്കുന്ന സമഗ്രമായ ആസൂത്രണ രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ ഇത്തരം ആസൂത്രണത്തിന്റെ ഭാഗമായി കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെയും സവിശേഷമായുതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയുന്ന ഈ വിദ്യാലയത്തിന്റെ സാഹചര്യങ്ങൾ വിലയിരുത്തി ഇവിടെ പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഏറ്റവും മികച്ച പഠനാനുഭവങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളുകൾ പൊതുവായും സവിശേണമായും മുന്നോട്ടു വയ്ക്കുന്ന ലക്ഷ്യങ്ങളും അതിനു സഹായകമായ പ്രവർത്തനങ്ങളും സമയബന്ധിതമായി എങ്ങനെയെല്ലാം നടപ്പാക്കുമെന്ന് ഈ രേഖ വിശദീകരിക്കുന്നു

ഗുണമേൻമയുള്ള വിദ്യാഭ്യസം ഉറപ്പാക്കാൻ വിദ്യാഭ്യസ അവകാശ നിയമം നിഷ്കർഷിക്കുന്ന സാധ്യായ ദിനങ്ങൾ ലഭ്യമാക്കൽ ഓരോഘട്ടത്തിലും കുട്ടി നേടണമെന്ന് കരിക്കുലം വിഭാവനം ചെയ്യുന്ന അക്കാദമിക ലക്ഷ്യങ്ങൾ മികവാർന്ന തലത്തിൽ നേടിയെന്ന് ഉറപ്പാക്കൽ, സ്കൂൾ വിദ്യാഭ്യാസത്തിലൂടെ കടന്നുവരുന്ന കുട്ടികളിൽ മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ, ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങൾ പാരിസ്ഥിതിക അവബോധം എന്നിവ ഉറപ്പാക്കൽ, ആധുനീക സാങ്കേതിക സാദ്ധ്യതകൾ പ്രയോജനപ്പെടുത്തൽ രക്ഷിതാക്കളിൽ ഗുണമേൻമാ വിദ്യാഭ്യസത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ സൃഷ്ടിക്കൽ, നാട്ടിലെ എല്ലാവിധ സാധ്യതകളെയും സ്കൂൾ വിദ്യാഭാസ വികസനത്തിനായി ഏകോപിപ്പിക്കൽ, അധ്യാപകരുടെ ആത് മവിശ്വാസം വളർത്താനും മനോഭാവത്തിൽ പരിവർത്തനം ആവശ്യമെങ്കിൽ അതുണ്ടാക്കാനുള്ള അക്കാദമിക സാഹചര്യം സൃഷ്ടിക്കൽ തുടങ്ങി വിദ്യാഭ്യാസ രംഗത്ത് നാം നേരിടുന്ന

വെല്ലുവിളികളെ അഭിമുഖീകരിക്കാൻ സഹായകമായ സ്കൂൾതല ഇടപെടലിന് ഈ രേഖ അവസരമൊരുക്കുന്നു.

ഈ വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും ഏറ്റവും മികച്ച വിദ്യാഭ്യാസം നല്കുന്നതിന് സഹായകമായ വിധത്തിൽ ഭൗതിക പരിസരവും പഠന പരിസരവും ഏറ്റവും മികച്ചതാക്കി മാറ്റേണ്ടതുണ്ട് മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധത്തെയും ജീവിത പരിസരത്തെ സസ്യ ജന്തു പാരസ്പര്യത്തെയും കണ്ടറിയാനും തൊട്ടറിയാനും സഹായകമായ പഠനപരിസരം ലഹരിവിരുദ്ധ മനോഭാവം പ്ലാസ്റ്റിക് മുക്ത ക്യാമ്പസ്എന്നിവയെല്ലാം ഇത് വിഭാവനം ചെയ്യുന്നു ശാസ്ത്രീയ മനോഭാവവും പാരിസ്ഥിതിക അവബോധവും കൃഷിയോടുള്ള അനുകൂല മനോഭാവവും കുട്ടികളിൽ ഉളവാകണമെന്ന് ഇതു ലക്ഷ്യം വയ്ക്കുന്നു

ലക്ഷ്യങ്ങൾ

- വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനവസരങ്ങൾ ലഭ്യമാക്കുക
- അവസരസമത്വം സാമൂഹിക നീതി ഗുണത എന്നിവ ഉറപ്പാക്കുന്ന പഠന പരിസരവും പഠനാന്തരീക്ഷവും ഒരുക്കുക
- ആധുനീക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനം ലഭ്യമാക്കുക
- സമഗ്രഗുണമേന്മ വിദ്യാലയം സാധ്യമാക്കുക
- ജൈവവൈവിധ്യ ഉദ്യാനം നിർമിച്ച് ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയം സാക്ഷാത്കരിക്കുക
- പരിസ്ഥിതി സംരക്ഷണ- പരിസ്ഥിതി പഠന പ്രവർത്തനങ്ങളിൽ മാതൃക സൃഷ്ടിക്കുക
- പ്രത്യേക പരിഗണന ലഭിക്കുന്നതിലൂടെ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർ മുഖ്യ ധാരയി എത്തുകയും കഴിവിന്റെ സാധ്യമായ ഉയർന്ന തലത്തിലേക്ക് എത്തിച്ചേരുകയും ചെയ്യുക
- കലാകായിക പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിനു അനുഗുണമായ ഭൗതീക സൗകര്യങ്ങൾ സൃഷ്ടിക്കുക

- പരീക്ഷണനിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക
- എല്ലാ കുട്ടികൾക്കും മലയാളത്തിലും ഇംഗ്ലീഷിലും (യു പി കുട്ടികൾക്ക് ഹിന്ദിയിലും)ആശയഗ്രഹണത്തോടെ വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക
- ഗണിത പഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക
- ഓരോകുട്ടിയുമായും ആത്മബന്ധം പുലർത്തി അവരെ പരമാവധി വികാസത്തിലേക്കു നയിക്കുക
- വിദ്യാലയത്തെ ജനാധിപത്യവൽക്കരിക്കുക

## സ്കൂൾ ചരിത്രം

ആലപ്പുഴ ജില്ലയിലെ കുട്ടനാട് വിദ്യാഭ്യാസ ജില്ലയിൽ മങ്കൊമ്പ് സബ് ജില്ലയിലെ കൈനകരി ഗ്രാമപഞ്ചായത്തിലുള്ള ഒരു ഗവണ്മെന്റ് യു പി സ്കൂളാണ് ചേന്നങ്കരി ഗവണ്മെന്റ് യു പി സ്കൂൾ.തദ്ദേശവാസികളായ കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസത്തിനായി 1911 ൽ തോട്ടുകടവ് കുടുംബം സംഭാവന ചെയ്ത സ്ഥലത്ത് അവർ തന്നെ നിർമ്മിച്ചു നൽകിയ താൽക്കാലിക കെട്ടിടങ്ങളിലാണ് ക്ലാസുകൾനടന്നിരുന്നത്. പിന്നീട് അത് ഗവണ്മെന്റ് ഏറ്റെടുക്കുകയായിരുന്നു. 2012 ൽ സ്കൂളിനോടനുബന്ധിച്ച് പ്രീപ്രൈമറി വിഭാഗം ആരംഭിച്ചു.സമൂഹത്തിലെ വിവിധ മേഖലകളിൽ ഉന്നതനിലകളിൽ സേവനം അനുഷ്ഠിച്ചു കൊണ്ടിരിക്കുന്നപ്രതിഭാധനന്മാരായ ധാരാളം വ്യക്തികൾ ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളാണ്.

## അവസ്ഥാപഠനം –പരിഗണിക്കേണ്ട മേഖലകൾ

- പാഠ്യപദ്ധതി വിനിമയം
- പഠനാന്തരീക്ഷം
- അധ്യാപകർ
- ഭൗതികസാഹചര്യം
- സാമൂഹ്യ ഇടപെടലുകൾ

## പാഠ്യപദ്ധതി വിനിമയം

**ഭാഷ**

എൽ പി തലത്തിൽ തന്നെ മലയാളം ഇംഗ്ലീഷ് ഭാഷകൾ തെറ്റ് കൂടാതെ എഴുതാനും വായിക്കാനും കുട്ടികളെ പ്രാപ്തരാക്കുന്നതിനു ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്ന ഹിന്ദി അക്ഷരങ്ങൾ പ്രൈമറി തലത്തിൽ തന്നെ പരിചയപ്പെടുത്തുന്ന ഭാഷയിൽ പദസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പ്രത്യേക പ്രവർത്തനങ്ങൾ നൽകുന്നു.

**ഗണിതം**

1,2 ക്ലാസുകളിലെ സംഖ്യാബോധം ഉറപ്പിക്കൽ പ്രൈമറിതലത്തിൽ ചതുഷ്ക്രിയകൾ ഉറപ്പിക്കുക പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് പരിഹരിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക .

**പരിസര പഠനം**

ചുറ്റുപാടുകൾ നിരീക്ഷിച്ച് മാറ്റങ്ങൾ ഉൾക്കൊള്ളുന്ന ജൈവവൈവിധ്യ ഉദ്യാനം പ്രകൃതി നടത്തം ഫീൽഡ് ട്രിപ്പുകൾ ശേഖരണം പ്രോജക്ടുകൾ ശാസ്ത്രാഭിമുഖ്യം  വളർത്തുന്നതിന് ആവശ്യമായ ലഘുപരീക്ഷണങ്ങൾ പഠന മാതൃകകൾ തയ്യാറാക്കൽ ഇവ പഠനപ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുന്നു.

**കല കായിക ആരോഗ്യ വിദ്യാഭ്യാസം**

ഓരോ കുട്ടിയുടെയും അഭിരുചികൾ തിരിച്ചറിഞ്ഞ് അവർക്ക് ഇണങ്ങിയ മേഖലകളിൽ പരിശീലനം കൊടുത്ത് കഴിവുകൾ വളർത്തി അവ പ്രകടിപ്പിക്കുന്നതിനുള്ള വേദി സജ്ജമാക്കുന്നു നല്ല പറഞ്ഞു ആഴ്ചയിൽ ഒരു ദിവസം കായിക ശേഷി വികസിപ്പിക്കുന്നതിനുള്ള ക്ലാസുകൾ സർഗ്ഗവേള യോഗ ക്ലാസുകൾ കലാകായിക പ്രവർത്തിപരിചയമേള കളിൽ പങ്കെടുപ്പിക്കൽ ക്ലബ്ബുകളുടെ രൂപീകരണം ഇവയിലൂടെ ഈ മേഖലകളിൽ കുട്ടികളെ സജ്ജരാക്കുന്നു.

**ഐസിടി സാധ്യത**

ലഭ്യമായ സാങ്കേതിക ഉപകരണങ്ങൾ പ്രയോജനപ്പെടുത്തി പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങളുടെ ഐസിടി സാധ്യത പ്രയോജനപ്പെടുത്തുന്നു.

**പഠന അന്തരീക്ഷം**

മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉറപ്പാക്കുന്നതിന് താഴെപ്പറയുന്ന ഘടകങ്ങൾ പരിഗണിക്കുന്നതാണ്

- ക്ലാസ് മുറിയുടെ സജ്ജീകരണം

- എല്ലാ വിഭാഗം കുട്ടികളെയും ഉൾക്കൊള്ളുന്ന അന്തരീക്ഷം
- അനുയോജ്യമായ പഠനോപകരണങ്ങൾ
- അധ്യാപക വിദ്യാർത്ഥി ബന്ധം
- ആധുനിക സാങ്കേതികവിദ്യയുടെ ലഭ്യതയും ഉപയോഗവും
- ലൈബ്രറി ,ലബോറട്ടറി,ജൈവവൈവിധ്യ ഉദ്യാനം
- കളിസ്ഥലവും കളി ഉപകരണങ്ങളും
- ആവശ്യമായ എണ്ണം ക്ലാസ് മുറികൾ

**ഭൗതിക സാഹചര്യം**

- പരിസ്ഥിതി സൗഹൃദ,വിദ്യാർത്ഥി സൗഹൃദ സ്കൂൾ-ക്ലാസ് അന്തരീക്ഷം
- വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ലബോറട്ടറികൾ
- ഓരോ ക്ലാസിനും അനുയോജ്യമായ ക്ലാസ് മുറികൾ
- കളിസ്ഥലവും കളി ഉപകരണങ്ങളും
- മതിയായ എണ്ണം ശുചിമുറികൾ,ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലെറ്റുകൾ,ഭിന്നശേഷി സൗഹൃദ ടോയ്‌ലെറ്റുകൾ
- ശുദ്ധജല ലഭ്യത
- വിദ്യാർത്ഥി സൗഹൃദ,ഭിന്നശേഷി സൗഹൃദ ഫർണിച്ചർ
- ഭക്ഷണം തയ്യാറാക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഇരുന്നു കഴിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ
- ഗതാഗത സൗകര്യങ്ങൾ

**സാമൂഹ്യ ഇടപെടലുകൾ**

- എസ്.എം.സി.
- എം.പി.ടി.എ.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ.
- പൂർവവിദ്യാർത്ഥികൾ.
- വിദ്യാലയ വികസന സമിതി.
- വിവിധ വകുപ്പുകൾ.
- സന്നദ്ധ സംഘടനകൾ.
- പ്രാദേശിക വിദഗ്ധർ.

**പ്രശ്നങ്ങൾ**

**ലൈബ്രറി**

ഈ വിദ്യാലയത്തിൽ ധാരാളം ലൈബ്രറി പുസ്തകങ്ങൾ ഉണ്ടെങ്കിലും പ്രത്യേകമായ വായന മുറിയുടെ അഭാവം എടുത്തുപറയേണ്ടതാണ്.

**സയൻസ് ലാബ്**

ശാസ്ത്ര പഠനം സുഗമമാക്കുന്നതിന് ഉതകുന്ന സുസജ്ജമായ ഒരു ലാബ് ഈ വിദ്യാലയത്തിൽ ഇല്ലാത്തതിനാൽ ശാസ്ത്രപരീക്ഷണങ്ങൾ ക്ലാസ് മുറികളിൽ വച്ചു നടത്തുന്നു

**ഐടി ലാബ്**

ആധുനിക സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ഉള്ള സാഹചര്യം വിദ്യാലയത്തിൽ ഇല്ല രണ്ട് ലാപ്ടോപ്പുകളും ഒരു പ്രൊജക്ടറും മാത്രമാണ് നിലവിലുള്ളത്

**ക്ലാസ്സ് റൂം**

ശിശു സൗഹാർദ്ദപരമായ ക്ലാസ് റൂമുകൾ ഒന്നുംതന്നെയില്ല ബെഞ്ച് ഡക്ക് ഇവ കാലപ്പഴക്കം ചെന്നവയാണ്.

**സ്മാർട്ട് ക്ലാസ് റൂം**

സ്കൂളിലെ സ്മാർട്ട് ക്ലാസ്സ് റൂമിന്റെ അഭാവം പഠന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു.കെട്ടിടത്തിന്റെ കാലപ്പഴക്കവും ഉപകരണങ്ങളുടെ അഭാവവും സ്മാർട്ട് ക്ലാസ് റൂം എന്നെ സാധ്യതയ്ക്ക് മങ്ങലേൽപ്പിക്കുന്നു.

**സ്റ്റേജ്/ ആഡിറ്റോറിയം**

കുട്ടികളുടെ സർഗവാസനകൾ പ്രോത്സാഹിപ്പിക്കുന്നതിന് കലാപരിപാടികളും മറ്റും അങ്ങനെയുള്ള നടത്തുന്നതിനുള്ള സ്റ്റേജ്/പ്രത്യേക ഹാളോ ഇല്ല. പ്രീ പ്രൈമറി ക്ലാസ് മുറികളാണ് നിലവിൽ ഉപയോഗിക്കുന്നത് .

**ഡൈനിങ് ഹാൾ**

ഉച്ചഭക്ഷണം കഴിക്കുന്നതിന് പ്രത്യേക സൗകര്യം ഇല്ല ഒരു ക്ലാസ് മുറിയാണ് ഇതിനായി ഉപയോഗിക്കുന്നത്

**സ്റ്റാഫ് റൂം**

പൊതുവായി ഓഫീസ് റൂം മാത്രമാണ് ഉള്ളത് സ്റ്റാഫിന് പ്രത്യേകമായി ഒരു മുറിയില്ല ഉപയോഗശൂന്യമായ ടോയ്ലറ്റുകളും മഴവെള്ള സംഭരണിയും പൊളിച്ചു മാറ്റുന്നതിലൂടെ കൂടുതൽ സ്ഥല സൗകര്യങ്ങൾ ലഭ്യമാകുന്നതാണ് .

**പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ**

**ഭാഷ**

**മലയാളം**

- അക്ഷര കളിക്കൂട്ടം
- വായനശാലയിലേക്ക്

- എഴുത്ത് സംഘം

**English**

- Spelling Bee
- English Club
- Readers Theatre

**ഗണിതം**

- ഗണിത ശില്പശാല
- ഗണിത പാർക്ക്
- ഗണിത ഗ്രാമം

**സയൻസ്**

- കുട്ടിശാസ്ത്രജ്ഞർ
- ഫീൽഡ് ട്രിപ്പ്
- സയൻസ് ക്ലബ്
- സയൻസ് പാർക്ക്

**സോഷ്യൽ സയൻസ്**

- വിജ്ഞാനപെട്ടി
- ഓർമ്മച്ചെപ്പ്
- കുട്ടികളുടെ ഗ്രാമസഭ
- ബോധവൽക്കണ ക്ലാസ് & മോക് ഡ്രിൽ

**ഹിന്ദി**

- അക്ഷരമാല ചാർട്ട്
- അക്ഷര കാർഡ്
- അക്ഷര കളികൾ
- ഹിന്ദി അസംബ്ലി

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം.

## ജൂൺ 10 മുതൽ പ്രത്യേക പ്രവർത്തനങ്ങൾ

| തീയതി | വിഷയ മേഖലകൾ | ചുമതല. അധ്യാപകർ |
|---|---|---|
| 10.06.25 | പൊതുകാര്യങ്ങൾ, വേണ്ടാ, വേണ്ടാ ലഹരി വേണ്ട. | അനിൽകുമാർ. ഇ.വി |
| 11.06.25 | ട്രാഫിക് നിയമങ്ങൾ | ആന്റണി. കെ. ആർ |
| 12.06.25 | ശുചിത്വം - വ്യക്തിശുചിത്വം പരിസര ശുചിത്വം | ദീപ്തി ഗോപാൽ |
| 16.06.05 | ഡിജിറ്റൽ അച്ചടക്കം | ജിൻസി ജോസഫ് |
| 17.06.25 | പൊതുമുതൽ സംരക്ഷണം | രമ്യാമോൾ. ബി |
| 18.06.25 | പരസ്പര സഹകരണത്തിന്റെ പ്രാധാന്യം, റാഗിങ് വൈകാരിക നിയന്ത്രണം ഇല്ലായ്മ. | ആന്റണി. കെ. ആർ LP<br>ദീപ്തി B. (UP) |
| 19.06.25 | പൊതുക്രോഡീകരണം. | ഗീത. പി. നാവു (HM) |

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം

സ്കൂൾ തലത്തിൽ

* എസ്. ആർ. ജി. കൂടി. ഓരോ ദിവസത്തെയും ക്ലാസ് കൈകാര്യം ചെയ്യുന്ന ചുമതല തീരുമാനിച്ചു.
* 1 മുതൽ 7 വരെയുള്ള എല്ലാ ക്ലാസിലും എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കിയാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തത്.
* കുട്ടികളുടെ ആവശ്യത്തിനനുസരിച്ച് മൊഡ്യൂളുകൾ തയ്യാറാക്കി.
* സ്കൂളിലെ മുഴുവൻ അധ്യാപകർക്കും ചുമതലകൾ വിഭജിച്ച് നൽകി.
* ജൂൺ 10 മുതൽ 19 വരെയുള്ള ദിവസങ്ങളാണ് ഇതിനായി ഷെഡ്യൂൾ ചെയ്തത്.
* ഒരു ദിവസം ഒരു മണിക്കൂർ നീക്കിവച്ചു.

# എൽ.പി

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനകാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളഭാഷ ഫലപ്രദമായി വായിക്കുവാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കൽ | പഠന നില കണ്ടെത്തൽ | ജൂൺ | ക്ലാസ് ടീച്ചർ | 500-CPTA | |
| | പരിമിതികൾ കണ്ടെത്തി പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുഎല്ലാ കുട്ടികൾക്കും മലയാളഭാഷ ഫലപ്രദമായി വായിക്കുവാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കൽ | ജൂൺ-ജൂലൈ | | | |
| | **<u>അക്ഷരകളിക്കൂട്ടം</u>** .അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി വളർത്തുന്നു | | | | |
| | അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ഓഗസ്റ്റ്- സെപ്റ്റംബർ | | | |
| | <u>വായനശാലയിലേക്ക്</u> . പത്രം,ആഴ്ചപ്പതിപ്പ് ,മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു . | ഒക്ടോബർ | | | |
| | നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിക്കുന്നു. | ജൂൺ-മാർച്ച് | | | |
| | <u>എഴുത്തുകൂട്ടം</u> മുഴുവൻ കുട്ടികളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | ജനുവരി ഫെബ്രുവരി | | | |

ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനകാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തി ശരിയായ ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും തെറ്റുകൂടാതെ എഴുതാനും പ്രാപ്തരാക്കുക | **Spelling Bee** എല്ലാദിവസവും പുതിയ ഒരു ഇംഗ്ലീഷ് വാക്കും അതിൻറെ അർത്ഥം ഇംഗ്ലീഷിലും എഴുതി പ്രദർശിപ്പിക്കുന്നു കുട്ടികളുടെ പദസമ്പത്ത് വർദ്ധിപ്പിക്കുന്നു | ജൂൺ-മാർച്ച് | | | |
| | **I Too Can** വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു | ജൂൺ-മാർച്ച് | | | |
| | **Readers Day** ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകുന്നു | ജൂൺ-മാർച്ച് | | | |
| | **English Day** ഇംഗ്ലീഷ് അസംബ്ലി ഇംഗ്ലീഷിൽ മാത്രം ആശയവിനിമയം നടത്തൽ | ജൂൺ-മാർച്ച് | | | |
| | **The Grand Camp** ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റു വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച ഒരു ക്യാമ്പ് നടത്തുന്നു | ഫെബ്രുവരി | | | |
| | | | | | |
| ഗണിതം | | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനകാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
| | കളി രീതിയിലൂടെ സംഖ്യാബോധം ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ | ക്ലാസ് ടീച്ചർ | | |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുക | <u>ഗണിത ശില്പശാല</u> കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ,ഓഗസ്റ്റ്,ഫെബ്രുവരി | | | |
| | <u>ഒറിഗാമി ശില്പശാല</u> ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകാൻ വിവിധരൂപങ്ങൾ നിർമ്മിക്കുന്നു അവയുടെ ഗണിത സവിശേഷതകൾ പട്ടിക പ്പെടുത്തൽ | ഫെബ്രുവരി | | | |

| | | | | | |
|---|---|---|---|---|---|
| | ഗണിത പാർക്ക് ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കാൻ | ഓഗസ്റ്റ് | | | |
| | പഠനോപകരണങ്ങളുടെ നിർമ്മാണവും പ്രദർശനവും | ജനവരി | | | |

പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനകാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കി നേടിയ അറിവുകൾ നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്താം | ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ജൂൺ | | | |
| | പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | | | |
| | ഫീൽഡ് ട്രിപ്പ് ചുറ്റുപാടുകൾ നിരീക്ഷിച്ച് സസ്യ ജന്തു വിശേഷങ്ങൾ കണ്ടെത്തുക | ജൂൺ,ഓഗസ്റ്റ്,ഫെബ്രുവരി | | | |
| | ശാസ്ത്രവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ ശേഖരിക്കൽ | ജൂൺ-മാർച്ച് | | | |
| | ശാസ്ത്ര പതിപ്പ് ചാർട്ട് ആൽബം പഠനോപകരണങ്ങൾ ഇവയുടെ നിർമ്മാണം പ്രദർശനം | ജൂൺ-മാർച്ച് | | | |
| | ശാസ്ത്ര മാസികയുടെ നിർമ്മാണം | ഫെബ്രുവരി | | | |
| കേരളം/ഇന്ത്യ ഭൂപടവായന സൂചിക പരിചയപ്പെടുത്തൽ | ഭൂപട വായന, ഭൂപടം രചന, സൂചിക നിർമ്മാണം | ജനവരി | | | |

**യു പി**

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനകാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളഭാഷ ഫലപ്രദമായി വായിക്കുവാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കൽ | പഠന നില കണ്ടെത്തൽ | ജൂൺ | ക്ലാസ് ടീച്ചർ | 500-CPTA | |
| | പരിമിതികൾ കണ്ടെത്തി പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുഎല്ലാ കുട്ടികൾക്കും മലയാളഭാഷ ഫലപ്രദമായി വായിക്കുവാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കൽ | ജൂൺ-ജൂലൈ | | | |
| | **<u>അക്ഷരകളിക്കൂട്ടം</u>** .അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി വളർത്തുന്നു | | | | |
| | അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ഓഗസ്റ്റ്- സെപ്റ്റംബർ | | | |
| | <u>വായനശാലയിലേക്ക്</u> . പത്രം,ആഴ്ചപ്പതിപ്പ് ,മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു . | ഒക്ടോബർ | | | |
| | നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിക്കുന്നു. | ജൂൺ-മാർച്ച് | | | |
| | <u>എഴുത്തുകൂട്ടം</u> മുഴുവൻ കുട്ടികളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | ജനവരി ഫെബ്രുവരി | | | |

ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനകാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| | **<u>Spelling Bee</u>** എല്ലാദിവസവും പുതിയ ഒരു ഇംഗ്ലീഷ് വാക്കും അതിൻറെ അർത്ഥം ഇംഗ്ലീഷിലും എഴുതി പ്രദർശിപ്പിക്കുന്നു കുട്ടികളുടെ പദസമ്പത്ത് വർദ്ധിപ്പിക്കുന്നു | | | | |

| | | | | | |
|---|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തി ശരിയായ ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും തെറ്റുകൂടാതെ എഴുതാനും പ്രാപ്തരാക്കുക | I Too Can<br>വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്ന തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു | ജൂൺ-മാർച്ച് | | | |
| | **Readers Day** ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകുന്നു | ജൂൺ-മാർച്ച് | | | |
| | **English Day** ഇംഗ്ലീഷ് അസംബ്ലി ഇംഗ്ലീഷിൽ മാത്രം ആശയവിനിമയം നടത്തൽ | ജൂൺ-മാർച്ച് | | | |
| | **The Grand Camp** ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റു വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച ഒരു ക്യാമ്പ് നടത്തുന്നു | ഫെബ്രുവരി | | | |

ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനകാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| യുപി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും ചിഹ്നങ്ങളും പദങ്ങളും ഉറപ്പിച്ച് ഹിന്ദി ഭാഷ തെറ്റുകൂടാതെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക | അക്ഷരമാല ചാർട്ട് പ്രദർശനം അക്ഷരം എഴുത്ത് | ജൂൺ-മാർച്ച് | | | |
| | പുതിയ പദങ്ങൾ കവിതകൾ കഥകൾ എന്നിവ പരിചയപ്പെടുത്തുന്നു | | | | |
| | അക്ഷര കാർഡുകളിലൂടെ വാക്കുകളുടെ നിർമ്മാണം | | | | |
| | ചിഹ്നങ്ങൾ ചേർത്ത് വാക്കുകളുടെ നിർമ്മാണം | | | | |
| | ഓൺലൈൻ അക്ഷര കളികൾ | | | | |
| | നിരന്തരം ഹിന്ദി അവസരമൊരുക്കൽ | | | | |
| | വീട്-പാഠശാല | | | | |
| | ഹഫ്താ കാ ശബ്ദ് ( ആഴ്ചയിലെ വാക്ക് ) | | | | |
| | ഹിന്ദി അസംബ്ലി | | | | |
| | ഹിന്ദി നോട്ടുബുക്ക് ആകർഷകമാക്കൽ | | | | |

ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനകാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തി ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിത ശില്പശാല കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു | | എസ്.ആർ.ജി. കൺവീനർ, ഗണിതശാസ്ത്രാധ്യാപകർ | | |
| | ഒറിഗാമി ശില്പശാല ജാപ്പനീസ് കലയായ ഒറിഗാമി യിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകാൻ വിവിധരൂപങ്ങൾ നിർമ്മിക്കുന്നു അവയുടെ ഗണിത സവിശേഷതകൾ പട്ടിക പ്പെടുത്തൽ | | | | |
| | ഗണിത പാർക്ക് ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കാൻ | | | | |
| | ഗണിത ഗ്രാമം | | | | |
| | ഗണിതത്തിൽ പ്രാവീണ്യമുള്ള ഉൾപ്പെടുത്തി താൽപര്യം ഉണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു | | | | |
| | ഐടി സാധ്യതകളിലൂടെ ജാമിതീയ രൂപങ്ങൾ ചതുഷ്ലിയകൾ ടാൻഗ്രാം ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എളുപ്പത്തിൽ എത്തിക്കുന്നു | | | | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിത ലാബ് സജ്ജമാക്കാൻ ലാബിൽ വെച്ച് ഗണിത ക്ലാസ്സ് നടത്തൽ | | | | |

## സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനകാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| നിരീക്ഷണം പരീക്ഷണം സാമാന്യവൽക്കരണം എന്നീ ഘട്ടങ്ങളിലൂടെ പ്രശ്നപരിഹാരത്തിലേക്ക് എത്തുന്ന ശാസ്ത്രത്തിൻറെ രീതി ഓരോ കുട്ടിയും സ്വായത്തമാക്കുക | ജൈവവൈവിധ്യ പാർക്ക് നിർമ്മാണം ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം | ജൂൺ-ജൂലൈ | | | |
| | കാവ് ,കണ്ടൽക്കാടുകൾ എന്നിവയുടെ സന്ദർശനം,നിരീക്ഷണം | | | | |

| | | | | | |
|---|---|---|---|---|---|
| | പരീക്ഷണ കളരി നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്ന പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്ന പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്രപരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു | ജൂൺ-മാർച്ച് | എസ് ആർ ജി കൺവീനർ ക്ലബ് ചുമതലയുള്ള അധ്യാപകർ ശാസ്ത്രാധ്യാപകർ | | |
| പഠന പ്രക്രിയയിലൂടെ ആർജിച്ച അറിവും പ്രക്രിയ ശേഷികളും ജീവിതസാഹചര്യങ്ങളിൽ പ്രയോഗിക്കാൻ പഠിതാക്കൾക്ക് കഴിയുക | മാസ്റ്റർ മൈൻഡ് ,ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ്, ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | ജൂൺ-മാർച്ച് | | | |
| | ശാസ്ത്ര വിസ്മയ ചുമർ ശാസ്ത്രപാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു | ജൂൺ-മാർച്ച് | | | |
| | വിസ്മയ യാത്ര ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു | ജൂൺ-മാർച്ച് | | | |

സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനകാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിലെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ എന്നിവ നേടിയെടുക്കൽ | സാമൂഹ്യ സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പഠിതാവിന്റെ അറിവ് പരിശോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | ജൂൺ | സാമൂഹ്യ ശാസ്ത്രാധ്യാപകർ, എസ് ആർ ജി കൺവീനർ ക്ലബ് | | |
| കുട്ടികളെ ചരിത്ര അവബോധം ഉള്ളവരായി മാറ്റിയെടുക്കുക | ഓർമ്മച്ചെപ്പ് അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ ഭൂപ്രകൃതി തലസ്ഥാനങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി മെമ്മറി ടെസ്റ്റ് നടത്തുന്നു | ജൂൺ-ഫെബ്രുവരി | | | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | ജൂൺ-ഫെബ്രുവരി | | | |
| പ്രകൃതിദുരന്തങ്ങളെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കൽ | ഗ്രാമസഭ/വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു | ജൂൺ-ഫെബ്രുവരി | | | |

| | | | | | |
|---|---|---|---|---|---|
| | സുനാമി ,വെള്ളപ്പൊക്കം ,ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് കുട്ടികളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു | ജൂൺ-ഫെബ്രുവരി | ചുമതലയുള്ള അധ്യാപകർ | | |
| | ഫീൽഡ് ട്രിപ്പ് ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുകയും ചരിത്രവസ്തുതകൾ മനസ്സിലാക്കുകയും ചെയ്യുന്നതിലൂടെ കുട്ടികളിൽ ചരിത്ര അവബോധം സൃഷ്ടിക്കുന്നു | ജൂൺ-ഫെബ്രുവരി | | | |

**ആരോഗ്യ-കലാ-കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനകാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| കായികക്ഷമതയിലൂടെ ശാരീരിക വളർച്ചയും മാനസിക വികാസവും നേടുന്നു | സമ്പൂർണ കായികക്ഷമത കൈവരിക്കാനുള്ള വ്യായാമങ്ങൾ പരിചയപ്പെടുത്തുന്നു | | | | |
| | കായികക്ഷമതയുടെ ഗുണങ്ങളെക്കുറിച്ചു ചർച്ച നടത്തുന്നു | | | | |
| | കായിക മേഖലയിൽ മികവ് തെളിയിച്ചിട്ടുള്ള തദ്ദേശ്ശീയരെ ഉൾപ്പെടുത്തി പരിശീലന ക്ലാസുകൾ | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| കുട്ടികളുടെ കലാപരമായ കഴിവുകൾ വളർത്തിയെടുക്കുക | ആർട്ട് ക്ലബ് | | | | |
| | കല-പ്രവർത്തിപരിചയ ശില്പശാല | | | | |
| | കലാമേളകളിൽ പങ്കെടുപ്പിക്കൽ | | | | |
| | കരകൗശല വസ്തുക്കളുടെ നിർമാണം പ്രദർശനം | | | | |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത കുട്ടികളെ ബോധ്യപ്പെടുത്തുക | മില്ലെറ്റ് ദിനം | | | | |
| | ഭഷ്യമേള | | | | |
| | ആരോഗ്യപ്രവർത്തകരുടെ ബോധവൽക്കരണ ക്ലാസുകൾ | | | | |
| | പ്രാദേശിക ബോധവൽക്കരണ പരിപാടി | | | | |
| | ഡ്രൈ ഡേ | | | | |